യൂണിറ്റുകൾ മാറ്റി ഉദ്ദേശം 40MW ശേഷിയുള്ള വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. പാരമ്പര്യേതര സ്രോതസ്സായ കാറ്റ്, സൗരോർജ്ജം എന്നിവ ഉപയോഗപ്പെടുത്തി നിരവധി ഉല്പാദന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബ്രഹ്മപുരത്ത് ഉദ്ദേശം 400 MW ശേഷിയുള്ള വാതകാധിഷ്ഠിത പദ്ധതിയും എൻ.റ്റി.പി.സി. കായംകുളം, ബി.എസ്.ഇ.എസ്, കൊച്ചി എന്നീ നാഫ്ത പദ്ധതികൾ വാതകാധിഷ്ഠിത പദ്ധതികളാക്കി മാറ്റാനും ചീമേനിയിൽ ഒരു കൽക്കരി അധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി വ്യാപാരികളുമായും ഉൽപ്പാദകരുമായും കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുതചാർജ്ജ്

56 (402) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് അടുത്തകാലത്ത് ഭീമമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല പദ്ധതികളും ബിൽ തുക അടക്കാതെ സ്തംഭനാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി ചാർജ്ജ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് ചാർജ്ജ് ചെയ്യുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 14-8-2014-ലെ റെഗുലേറ്ററി കമ്മീഷനിലെ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഗുണഭോക്തൃ സമിതികളും ജലധാരാ, ജലനിധി, സ്വജലധാര കുടിവെള്ള പദ്ധതികൾക്ക് കീഴിലുള്ള ജലവിതരണ സൊസൈറ്റികളും ഏറ്റെടുത്തു നടത്തുന്ന ഗാർഹിക കുടിവെള്ള പദ്ധതികളുടെ താരിഫ് LT-I-ൽനിന്ന് LT VI(E)-യിലേക്ക് മാറ്റിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഉത്തരമേഖലയിൽ വടകര ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ പേരാമ്പ്ര പഞ്ചായത്തിലുള്ള കുറ്റിക്കുന്ന് കുടിവെള്ള പദ്ധതി, വൈദ്യുതി ചാർജ്ജ് ഒടുക്കാത്തതുമൂലം വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാൽ സ്തംഭനാവസ്ഥയിലാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കുടിവെള്ള പദ്ധതികൾക്കുള്ള നിലവിലുള്ള താരിഫ് താഴെ കൊടുത്തിരിക്കുന്നു :

പ്രതിമാസ ഫിക്സഡ് ചാർജ്ജ്	രൂപയിൽ	കുറിപ്പ്
i. സിംഗിൾ ഫേസ്	20	വർദ്ധനവില്ല.
ii. ത്രീ ഫേസ്	60	നിലവിലുള്ള ഗാർഹിക താരിഫിനുതുല്യം
എനർജി ചാർജ്ജ്		
പ്രതിമാസ ഉപഭോഗ സ്ലാബുകൾ	നിരക്ക്/യൂണിറ്റ് (പൈസയിൽ)	
i. 50 യൂണിറ്റ് വരെ	280	നിലവിലുള്ള ഗാർഹിക നിരക്കിനുതുല്യം
ii. 120 യൂണിറ്റ് വരെ	380	മുഴുവൻ യൂണിറ്റിനും ഒരേ നിരക്ക്
iii. 200 യൂണിറ്റ് വരെ	450	
iv. 200 യൂണിറ്റിന് മുകളിൽ	630	

സർക്കാർ ഉടമസ്ഥതയിൽ വൈദ്യുതി പദ്ധതികൾ

57 (403) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 2011 മേയ് മുതൽ നാളിതുവരെയായി ഏതെങ്കിലും വൈദ്യുതി പദ്ധതികൾ സർക്കാർ ഉടമസ്ഥതയിൽ വൈദ്യുതി ഉല്പാദനം തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൽനിന്നെല്ലാം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ട് ; വിശദമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണപ്രവർത്തി തുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; വിശദമാക്കുമോ ;

(ഡി) കേരളത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന എത്ര പദ്ധതികൾ ഉണ്ട് ; ഏതെല്ലാം ; അവ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly